കെ.എസ്.എ-കെ.ടി.എം.പി6/1268/17 തീയതി: 16.08.2017

# കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.12.2016 മുതൽ 30.06.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.11.16 മുതൽ 30.06.2017 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമായ മറുപടികൾ പരിഗണിച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.07.2017 മുതൽ 28. 07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി സ്മിതാ ജി.നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ലൂക്കോസ് കുര്യൻ | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ലിജി സലഞ്ച് രാജ് | 1.4.16-31.3.17 |
| സെക്രട്ടറി | ശ്രീ.ജെനിമോൻ, ജൂനിയർ സൂപ്രണ്ട് ഇൻ ചാർജ് ഓഫ് സെക്രട്ടറി | 1.04.16- 01.05.16 |
| | ശ്രീ.റ്റി.ജെ.രാജു | 02.05.16- 31.3.17 |

മറ്റു നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി രതിമണി | 1.4.16- 31.3.17 |
| വി.ഇ.ഒ. തലയാഴം | ശ്രീ.പ്രവീൺകുമാർ എൽ. | 1.4.16- 31.3.17 |
| വി.ഇ.ഒ., തോട്ടകം | ശ്രീമതി മേരി ബനീഞ്ഞ | 1.4.16- 21.11.16 |

| | | |
|---|---|---|
| വി.ഇ.ഒ., തലയാഴം | ശ്രീ.റോമി കെ.ഡി. | 22.11.16- 31.3.17 |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീമതി ഭാവന പി.യു. | 1.4.16- 31.3.17 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ബൽരാജ് | 1.4.16- 31.3.17 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സിനി എസ്.നായർ | 1.4.16- 4.9.16 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി അഞ്ജന | 5.9.16- 31.3.17 |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീമതി പ്രീതി | 1.4.16- 31.3.17 |
| കൃഷി ഓഫീസർ | ശ്രീമതി സോണിയ എ.ജെ. | 1.4.16- 18.6.16 |
| കൃഷി ഓഫീസർ | ശ്രീമതി സീനാ വി.എം. | 19.6.16- 28.9.16 |
| കൃഷി ഓഫീസർ | ശ്രീ.അരുൺ കമാർ പി.എ. | 29.9.16- 31.3.17 |
| വെറ്ററിനറി സർജൻ | ഡോ.ജയദേവൻ | 1.4.16- 7.10.16 |
| വെറ്ററിനറി സർജൻ | ഡോ.ഒ.റ്റി.തങ്കച്ചൻ | 8.10.16- 31.3,17 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സുനിൽ എ.വി. | 1.4.16- 31.3.17 |
| ഹെഡ്മിസ്ട്രസ്, പി.എസ്.എസ്.എസ്. ഗവൺമെന്റ് എൽ.പി സ്കൂൾ, ഉല്ലല | ശ്രീമതി സി.ശ്യാമള | 1.4.16- 31.3.17 |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.സുഷാന്ത് | 1.4.16- 31.3.17 |

<u>ഉള്ളടക്കം</u>


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | ഭാഗം 1-പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | തനതുഫണ്ട് ചെലവുകൾ |
| 1-9 | ക്ഷേമ പദ്ധതികൾ |
| 1-10 | ക്യാഷ് വെരിഫിക്കേഷൻ |

| | |
|---|---|
| 1-11 | ആഭ്യന്തരനിയന്ത്രണം |
| 1-12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2-വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷികകണക്കുകളുടെ അവലോകനം |
| 2-2 | വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 2-3 | ഇ-ടെണ്ടർ-ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടില്ല |
| 2-4 | തൊഴിൽനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ് |
| 2-5 | ഡി&ഒ ലൈസൻസ് എടുക്കാതെ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-6 | പെട്രോൾപമ്പ് ഡി&ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച് വരുന്നു |
| 2-7 | വാടക കെട്ടിടങ്ങൾ കത്തിനശിച്ചത് സംബന്ധിച്ച് |
| 2-8 | പരസ്യനികുതി ഈടാക്കാത്തത് സംബന്ധിച്ച് |
| | ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | വെള്ളക്കരം-കുടിശ്ശിക, ഫൈൻ ഇനങ്ങളിൽ ഭീമമായ ബാധ്യത നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല |
| 3-2 | സംയുക്ത പ്രോജക്ടിനുള്ള തുക പൂർണ്ണമായി ചെലവഴിച്ചില്ല |
| 3-3 | മരുന്ന് വാങ്ങാൻ ചെലവഴിച്ചത് 3,00,000 രൂപ-മരുന്ന് പൂർണ്ണമായി ലഭ്യമായില്ല |
| 3-4 | യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല |
| 3-5 | നിക്ഷേപപ്രവൃത്തികൾ-വിനിയോഗവിവരം ലഭ്യമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-6 | റോഡ് ടാറിംഗ് പ്രവൃത്തി-ബാരൽ വില തിരികെ ഈടാക്കിയിട്ടില്ല |
| 3-7 | റോഡ് ടാറിംഗ്-ബിറ്റുമിന് മാർക്കറ്റ് റേറ്റിൽ അധികരിച്ച് ഷെഡ്യൂൾ നിരക്ക് അനുവദിച്ചത് മൂലം ഗുണഭോക്തൃസമിതി കൺവീനർക്ക് അധികതുക നൽകി |
| 3-8 | പാലിയേറ്റീവ് കെയറിനായി മരുന്ന്, ഉപകരണങ്ങൾ വാങ്ങൽ-തുക തടസ്സപ്പെടുത്തുന്നു |
| 3-9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| | ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ) |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |

| | |
|---|---|
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2016-17 |
| അനുബന്ധം 3 | ഇൻകം അന്റ് എക്സ്പെൻഡീച്ചർ 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2016-17 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4.3.16 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം(യഥാർത്ഥ വരവ്) | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 51,52,928 | 76,25,349 | 24,72,421 | -- |
| വരവ് | 15,46,38,100 | 3,70,54,507 | | 11,75,83,593 |
| ആകെ | 15,97,91,028 | 4,46,79,856 | | 11,51,11,172 |
| ചെലവ് | 13,91,06,000 | 3,45,93,262 | | 10,45,12,738 |
| നീക്കിയിരിപ്പ് | 20685028 | 10086594 | | 1,05,98,434 |

പുതുക്കിയ ബജറ്റായിട്ടും യഥാർത്ഥ വരവ് ചെലവ് കണക്കുകളുമായി ബജറ്റ് പൊരുത്തപ്പെടുന്നില്ല. ബജറ്റിന്റെ പ്രാരംഭബാക്കി മുൻവർഷ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. പ്രതീക്ഷിച്ച ചെലവും യഥാർത്ഥ ചെലവും തമ്മിലും കോടികളുടെ അന്തരമുണ്ട്. സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ മനസ്സിലാക്കി ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക 7.6.2017- ൽ ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം നൽകി | - |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 76,25,349 |
| വരവ് | 3,70,54,507 |
| ആകെ | 4,46,79,856 |
| ചെലവ് | 3,45,93,262 |
| നീക്കിയിരിപ്പ് | 1,00,86,594 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,16,00,875 | 1,16,00,875 | 96,49,136 | 19,51,739 | 83% |
| വികസനഫണ്ട് എസ്.സി.പി. | 0 | 46,98,432 | 46,98,432 | 36,69,934 | 10,28,498 | 78% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 61,632 | 61,632 | 61,632 | 0 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 42,83,616 | 42,83,616 | 21,47,748 | 21,35,868 | 50% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 30,74,514 | 30,74,514 | 11,28,179 | 19,46,335 | 36.7% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 65,05,676 | 65,05,676 | 32,39,344 | 32,66,332 | 49.79% |
| പെർഫോമൻസ് ഗ്രാന്റ് | 0 | 34,09,401 | 34,09,401 | 56,115 | 33,53,286 | 1.64% |

ഐ.കെ.എം.ചെലവ് പത്രിക പ്രകാരമുള്ള വിവിധ വകയിരുത്തലുകൾ തൻവർഷ അലോട്ടുമെന്റുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 130 | 4,98,15,951 | 83 | 2,12,58,408 | 19 | 47 | 63.8% |

2016-17 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/16/DPC/DPO/KTM 28.12.16 തീയതി പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 2016-17വർഷം ഒരുപ്രാവശ്യം ചേർന്നിട്ടുണ്ട്.

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി(2012-17)-അവലോകനം

പന്ത്രണ്ടാം പദ്ധതിക്കാലത്തെ വർഷം തിരിച്ചുള്ള മൊത്തം അടങ്കൽ- ചെലവു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| 2012-13 | 3,26,14,106 | 2,12,66,025 | 65.20% |
| 2013-14 | 4,05,18,293 | 1,92,88,082 | 47.60% |
| 2014-15 | 5,10,18,160 | 2,88,75,583 | 56.59% |
| 2015-16 | 5,27,01,757 | 3,05,93,398 | 58.05% |
| 2016-17 | 4,98,15,951 | 2,12,58,408 | 42.67% |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായുള്ള 2016-17 ലെ വാർഷിക പദ്ധതി 13.7.2016 ലെ ഒന്നാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം അംഗീകരിച്ചു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 16.2.16ലും പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായുള്ള വികസന സെമിനാർ 4.6.16ലും ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുന്നതിനുള്ള ഗ്രാമസഭായോഗങ്ങൾ 7.11.16 മുതൽ വിവിധ മാസങ്ങളിൽ നടന്നു.

പദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും

.ഉത്പ്പാദനമേഖലയുടെ സ്ഥായിയായ വളർച്ചക്ക് മുൻതൂക്കം നൽകുന്ന കാർഷികമേഖലയിൽ സമഗ്ര നെൽകൃഷിവികസനം, ജൈവപച്ചക്കറിഗ്രാമം, വിവിധയിനം ഭക്ഷ്യവിളകളുടെ ഉത്പ്പാദനം, പാൽ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിന് ആട്, പശുവളർത്തൽ പദ്ധതികൾ, കന്നുകുട്ടിപരിപാലനം, വനിതകൾക്ക് സ്വയംതൊഴിൽപദ്ധതിയിൽ തഴപ്പായ നിർമ്മാണയൂണിറ്റ്, കയർപിരിയൂണിറ്റ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി.

.സേവനമേഖലയിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള ആയുർവേദ, ഹോമിയോ ആശുപത്രികളിൽ മരുന്ന് വാങ്ങൽ ക്യാൻസർരോഗികളുടെ പരിരക്ഷ ഉറപ്പ് വരുത്തുന്നതിന് പോഷകഹാരം നൽകൽ, മരുന്നുവാങ്ങൽ, വീടിന്റെ ഗുണനിലവാരം വർദ്ധനവ്, സമ്പൂർണ്ണ ശുചിത്വപദ്ധതി, ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, സ്കൂളുകളുടെ അറ്റകുറ്റപണികൾ, ഭവനപുനരുദ്ധാരണം തുടങ്ങിയ പദ്ധതികളും നടപ്പാക്കി.

.പശ്ചാത്തലമേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തെരുവ് വിളക്കുകളുടെ പരിപാലനം, വിവിധ സ്കൂളുകളുടെ അറ്റകുറ്റപണികൾ, റോഡ് ടാറിംഗ്, താഴ്ന്ന ഭൂപ്രദേശങ്ങൾ മണ്ണിട്ട് ഉയർത്തൽ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി.

.സാമൂഹ്യനീതി ഉറപ്പാക്കുന്നതിന് പ്രത്യകപരിഗണന അർഹിക്കുന്ന മുഴവൻ വിഭാഗങ്ങളെയും ഉൾപ്പെടുത്തി ഭവന നിർമ്മാണം, വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണം, സ്കോളർഷിപ്പ് വിതണം, സമ്പൂർണ്ണശുചിത്വപദ്ധതി എന്നിവ നടപ്പാക്കി.

കോട്ടങ്ങൾ

സാമൂഹ്യനീതി ഉറപ്പാക്കുന്നതിന് സാമ്പത്തികമേഖലയിൽ പിന്നാക്കം നിൽക്കുന്നവർക്ക് സ്വയംതൊഴിൽപദ്ധതിയിൽ ഉൾപ്പെടുത്തി ഓട്ടോറിക്ഷവാങ്ങൽ പദ്ധതിക്ക് തുക വരുത്തിയിട്ടുണ്ടങ്കിലും നടപ്പാക്കിയിട്ടില്ല. മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ഖരമാലിന്യ സംസ്കരണയൂണിറ്റുകൾ, ആശുപത്രികളുടെ മരാമത്ത് പ്രവൃത്തികൾ, കൂടാതെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വിവിധയിനം മരാമത്ത് പ്രവൃത്തികൾക്ക് തുക വരുത്തിയിട്ടുണ്ടങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

.വാർഷിക പദ്ധതിക്കുവേണ്ടി 4,98,15,951/- രൂപ വകയിരുത്തിയതിൽ 2,12,58,408/-രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.(42.67%).

## 1-7 തനതുവരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവ് | 18,13,526 | 43,56,209 | (+)25,42,683 | 140% |
| നികുതിയിതരവരവ് | 68,40,921 | 4,22,905 | (-)64,18,016 | 93.81% |
| മറ്റ് വരവ് | 11,06,947 | 70,74,511 | (+)59,67,564 | 539.10% |

| | | | | |
|---|---|---|---|---|
| ആകെ | 97,61,394 | 1,18,53,625 | (+)20,92,231 | 21.43% |

മുൻ വർഷത്തെ അപേക്ഷിച്ച് പൊതുവേ തനതുഫണ്ടിലും പ്രത്യേകിച്ച് നികുതിയിനത്തിലുണ്ടായ വർദ്ധനവ് ശ്ലാഘനീയമാണ്.

## 1-8 തനതു ഫണ്ട് ചെലവുകൾ

.വൗച്ചറുകൾ മാസക്രമത്തിൽ ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

.തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

സ്റ്റോക്ക് രജിസ്റ്ററിൽ വിതരണവിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1,06,21,490 | 1216 |
| വിധവാപെൻഷൻ | 57,09,380 | 495 |
| വാർദ്ധക്യകാലപെൻഷൻ | 1,53,47,265 | 1429 |
| വികലാംഗപെൻഷൻ | 23,84,855 | 276 |
| അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 4,68,660 | 43 |
| തൊഴിലില്ലായ്മ വേതനം | 4,47,960 | 248 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2017ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,148/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം സാമാന്യം തൃപ്തികരമാണ്. ഓഫീസ് ജോലിവിഭജന രേഖയുടെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരും കൃത്യനിർവഹണം നടത്തുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റികളും ജനറൽ കമ്മറ്റിയും യഥാസമയം യോഗം ചേർന്ന് പഞ്ചായത്തിലെ സ്ഥിതിഗതികൾ വിലയിരുത്തുകയും അനുയോജ്യമായ തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. പദ്ധതി നിർവഹണം സംബന്ധിച്ച നിർവഹണോദ്യോഗസ്ഥരുടെ യോഗവും ചേരുന്നുണ്ട്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.5.17 | 04/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.5.08- 16.5.08 | 1997-98 മുതൽ 2007-08 വരെ | LBA(HQ/IV/8A/1278/99 Dt.30.06.2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രിക ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 20.05.17ലെ VII നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 9,65,23,743/- രൂപയും ചെലവ് 9,75,64,501/- രൂപയുമാണ്. തൻവർഷ ഡെഫിസിറ്റ് 10,40,758/- രൂപയാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) 4,46,79,856/- രൂപയും ആകെ ചെലവ്(നീക്കിയിരിപ്പ് ഒഴികെ) 3,45,93,262/-രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 1,00,86,594/- രൂപയാണ്. ധനകാര്യ പത്രിക പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദ്ദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2) ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3)ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂളിലുള്ള 320300103- Contributions for specific purposes-Other Government Agencies-Total Sanitation എന്ന ശീർഷകത്തിൽ 5,00,831/- രൂപ ബാദ്ധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് 3,53,005 രൂപയാണ്. 2015-16 വർഷം 1,47,826/- രൂപ ചെലവ് ചെയ്തത് ടി ശീർഷകത്തിൽ നിന്നും കറവ് ചെയ്തിട്ടില്ല.

## 2-2 വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക്, ചെക്ക്& ഡ്രാഫ്റ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച താഴെപ്പറയുന്ന തുകകൾ ചെലവഴിക്കാനവശേഷിക്കുന്നതായി കാണുന്നു. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച വിഹിതം ചെലവഴിക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് ശരിയായ നടപടിയല്ല. ടി തുകകൾ ചെലവഴിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | ശീർഷകം | തുക |
|---|---|---|
| 1 | 320300103 – കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക്ക് പർപ്പസ് –ടോട്ടൽ സാനിട്ടേഷൻ | 3,53,005 |
| 2 | 320700204- കോൺട്രിബ്യൂഷൻ ഫോർ ജോയിന്റ് വെഞ്ചർ - ബ്ലോക്ക് പഞ്ചായത്ത് | 50,000 |
| 3 | 320700205- കോൺട്രിബ്യൂഷൻ ഫോർ ജോയിന്റ് വെഞ്ചർ - ജില്ലാ പഞ്ചായത്ത് | 2,25,000 |

## 2-3 ഇ-ടെൻഡർ -ടെൻഡർഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടില്ല

താഴെപ്പറയുന്ന മരാമത്ത് വേലകൾ ഇ- ടെണ്ടർ മുഖേനയാണ് നിർവഹിക്കപ്പെട്ടത്. എന്നാൽ പ്രസ്തുത വർക്കുകളുടെ ടെണ്ടർ ഫോം വിലയായ് കരാറുകാർ ഒടുക്കിയ ടെണ്ടർ ഫോം വില എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് അക്കൗണ്ടിലേക്ക് നാളിതുവരെ മാറ്റിനൽകിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ട് പേര് | അടങ്കൽ | വിറ്റ ഫോമുകളുടെ എണ്ണം | ടെണ്ടർ ഫോമിന്റെ വില (വാറ്റ് ഉൾപ്പെടെ) | പഞ്ചായത്തിന് ലഭിക്കേണ്ട തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 114/17 | ചെട്ടിക്കരി-കണിയാന്തറ റോഡ് മെയിന്റനൻസ് | 9,40,032 | 3 | 1,995 | 5,985 |
| 2 | 130/17 | സി.കെ.എം. പൂന്തുരുത്ത് റോഡ് ടാറിങ്ങ് | 9,49,214 | 2 | 3,000 | 6,000 |
| 3 | 131/17 | കണ്ടംതുരുത്ത് താണപറമ്പ് റോഡ് | 7,99,200 | 3 | 2,100 | 6,300 |
| 4 | 138/17 | അമയിട പുത്തൻപാലം റോഡ് രണ്ടാം മെറ്റലിങ്ങും ടാറിങ്ങും | 5,00,000 | 2 | 1,050 | 2,100 |

മേൽപറഞ്ഞ തുകകൾ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്

1) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഒന്നും രണ്ടും അർദ്ധവാർഷിക തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | കെ.യു.സി.എസ്. ഉല്ലല |
| 2 | കെ.യു.സി.എസ്. തലയാഴം |
| 3 | കെ.യു.സി.എസ്. വൈക്കം ടൗൺ |
| 4 | കെ.യു.സി.എസ്. പള്ളിയാട് |
| 5 | കെ.യു.സി.എസ്. കൊതവറ |
| 6 | കള്ളുഷാപ്പുകൾ |

2)D&O ലൈസൻസിനായുള്ള അപേക്ഷയിൽ സ്ഥാപനയുടമ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ എണ്ണത്തിനാനുപാതികമായി തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ച് ഒടുക്കാത്തതായി കാണുന്നു. ഉദാ: താഴെചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം/ കെട്ടിട നം. | D&O ലൈസൻസിനായുള്ള അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഓംകാർ ബ്രിക്സ്& ടൈൽ യൂണീറ്റ് 274/ VIII | 09 |
| 2 | ആരതി വുഡ്സ്& ഇന്റീരിയൽസ് 160A,160B/V | 07 |
| 3 | കുമരകം ഇൻഡേൻ സർവ്വീസ്, 308/II | 05 |
| 4 | പാലാഴി വുഡ്സ്, 386/II | 05 |

| | | |
|---|---|---|
| 5 | ജോസ്കോ ഫർണ്ണീച്ചർ, 82A/XIV | 03 |
| 6 | ശ്രീ ഭദ്രാ ഹോളോബ്രിക്സ് & സോളിഡ് ബ്രിക്സ് | 04 |
| 7 | ഈറ്റ് & ഡ്രിങ്ക്, 371/V | 05 |

പ്രസ്തുത അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പ് നം.10 ന്, ഡിമാന്റ് നോട്ടീസ് നൽകി പരാമർശിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും. പട്ടിക രണ്ട് പ്രകാരമുള്ള സ്ഥാപന ഉടമകളിൽനിന്ന് ജീവനക്കാരുടെ അർദ്ധവാർഷിക സ്റ്റേറ്റ്മെന്റ് വാങ്ങി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ പക്കൽ നിന്ന് അർഹമായ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 2-5 ഡി&ഒ ലൈസൻസ് എടുക്കാതെ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിലെ കള്ളുഷാപ്പുകളൊന്നും ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല. അതോടൊപ്പം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതുമായ താഴെചേർക്കുന്ന സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനം | എണ്ണം |
|---|---|---|
| 1 | സ്വർണ്ണക്കട | 01 |
| 2 | ഇറച്ചിവിൽപന ശാലകൾ | ലഭ്യമല്ല |
| 3 | ക്ഷീരോൽപാദകസംഘങ്ങൾ | 04 |
| 4 | റേഷൻ കടകൾ | ലഭ്യമല്ല |
| 5 | സിവിൽ സപ്ലൈസ് | 01 |

ഇറച്ചിവിൽപന ശാലകൾ, കള്ളുഷാപ്പുകൾ തുടങ്ങി പരാമർശിക്കപ്പെട്ട സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സാഹചര്യമുണ്ടയത് പഞ്ചയത്തിന്റെ ഭാഗത്തുന്നുള്ള ഗൗരവകരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥാപന ഉടമകളിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുമ്പോൾ അപേക്ഷകളിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തേണ്ടതും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. പഞ്ചായത്തിന്റെ വരുമാനമാർഗ്ഗം എന്നതിലുപരി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ സുരക്ഷിതമായും ശുചിത്വത്തോടുകൂടിയും സ്ഥാപനങ്ങളുടെ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനായി സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ഈ ലൈസൻസിന്റെ നടപടിക്രമങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതും, പരാമർശിക്കപ്പെട്ട സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കേണ്ടതുമാണ്.

## 2-6 പെട്രോൾപമ്പ് ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചുവരുന്നു

പഞ്ചായത്തിൽ വൈക്കം-കുമരകം റോഡിൽ ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ ഏജൻസിയിലുള്ള പെരുകിൽ അപ്പച്ചൻ സൺസ് ഫ്യൂവൽസ് എന്ന സ്ഥാപനം ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ പ്രവ്രുത്തിച്ച വരുന്നതായി കാണുന്നു. ഫീസ് ഈടാക്കാത്ത വിഷയം മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും സ്ഥാപനത്തിൽ നിന്നും നാളിതുവരെ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (13) ന് മറുപടിലഭിച്ചില്ല. എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ട് 232(1) പ്രകാരം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന

സ്ഥാപനങ്ങൾക്കെതിരെ കേരളപഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 26 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-7 വാടക കെട്ടിടങ്ങൾ കത്തിനശിച്ചത് സംബന്ധിച്ച്

19.05.2016- ൽ പഞ്ചായത്തിലെ പതിനാലാം വാർഡിൽ സ്ഥിതിചെയുന്ന കെട്ടിട നം.155 (വാടക രജിസ്റ്റർ പ്രകാരം റൂം നം. 482E) തീ പിടുത്തത്തിൽ കത്തിനശിക്കുകയും അതേ കെട്ടിടത്തോട് ചേർന്ന് സ്ഥിതിചെയുന്ന കെട്ടിട നം.156 (വാടക രജിസ്റ്റർ പ്രകാരം റൂം നം. 482D) – ന് ഉപയോഗിക്കാൻ സാധിക്കാത്തവിധം കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. സംഭവത്തിന് ശേഷം 20.05.2016- ൽ പ്രസിഡന്റ്, സെക്രട്ടറി, കമ്മറ്റിഅംഗങ്ങൾ എന്നിവർ ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ വൈദ്യുതീകരിച്ചിട്ടില്ലാത്ത നം. XIV/155 കെട്ടിടത്തിൽ തീ പിടുത്തമുണ്ടായത് സംഭവിച്ച് അസ്വഭാവികത ഉണ്ടെന്ന് ബോധ്യപ്പെട്ടു. കരാറുകാരനായ ശ്രീ.രാഹുൽ സതീഷ്, പൂവ്വള്ളിൽ എന്ന വ്യക്തി പഞ്ചായത്തിന്റെ അറിവോ സമ്മതമോ കൂടാതെ ഉപകരാറിലൂടെ അലക്സ് എന്നയാൾക്ക് ഉപയോഗിക്കുന്നതിന് നൽകിയിരുന്നു എന്ന വിവരം ബോദ്ധ്യപ്പെട്ടിട്ടും 20.05.2016- ൽ പോലീസിൽ ഒരു പരാതി നൽകിയതല്ലാതെ മറ്റ് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രസ്തുത കടമുറികൾ വാടകയ്ക്ക് നൽകിയപ്പോൾ ചമച്ച വാടക കരാറിന്റെ പകർപ്പ്, റൂം നം. 482E കടമുറിക്ക് എട്ടുമാസത്തെ വാടകയായ (8*584) 4672/- രൂപയും, റൂം നം. 482D കടമുറിക്ക് ഏഴുമാസത്തെ വാടകയായ (7*1051) 7357/- രൂപയും, ഇളവ് നൽകിയ കമ്മറ്റിതീരുമാനത്തിന്റെ പകർപ്പ്, ഏതെങ്കിലും തരത്തിലുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് രേഖകളും പ്രസ്തുത കടമുറികളുടെ ഇപ്പോഴത്തെ അവസ്ഥയും ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം. 7- ന് മറുപടി ഹാജരാക്കിയിട്ടില്ല.

സംഭവസ്ഥലത്ത് ഓഡിറ്റ് നടത്തിയ പരിശോധനയിൽ കെട്ടിട നം. 155, 156 എന്നീ രണ്ട് കടമുറികൾ അടങ്ങിയ കെട്ടിടത്തിന് തീ പിടുത്തത്തിൽ കാര്യമായ കേടുപാടുകൾ സംഭവിച്ചതായി കാണാൻ സാധിച്ചു. കെട്ടിടത്തിന്റെ ഭിത്തികൾ അപകടകരമായ രീതിയിൽ വിണ്ടുനിൽക്കുകയും ഷട്ടറുകൾ ഉപയോഗശൂന്യമായ അവസ്ഥയിലുമാണ്. പഞ്ചായത്തിന്റെ അറിവോ സമ്മതമോ കൂടാതെ കരാറുകാരനായ ശ്രീ.രാഹുൽ സതീഷ് ഉപകരാറിലൂടെ മറ്റൊരാൾക്ക് ഉപയോഗിക്കുന്നതിന് നൽകി ഗുരുതരമായ കരാർ ലംഘനം നടത്തിയ വിവരം അറിഞ്ഞിട്ടും ടി യാന് എട്ടുമാസത്തെ വാടകയായ (8*584) 4672/- രൂപ ഇളവ് നൽകിയ 20.3.2017ലെ 5(2)നം. കമ്മറ്റിതീരുമാനം പുനഃപരിശോധിക്കേണ്ടതാണ്. വൈദ്യുതീകരിച്ചിട്ടില്ലാത്ത ടി മുറിയിൽ ദുരൂഹ സാഹചര്യത്തിൽ തീ പിടുത്തമുണ്ടായത് സംബന്ധിച്ച് കൂടുതൽ അന്വേഷണത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 പരസ്യ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

വികസനപാതയിലായിരിക്കുന്നതും വൈക്കം - കോട്ടയം (ടൂറിസ്റ്റ് കേന്ദ്രമായ കുമരകം വഴി) പ്രധാന റോഡും PWD റോഡുകളും കടന്നുപോകുന്നതുമായ തലയാഴം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വലുപ്പമേറിയതും ശ്രദ്ധയാകർഷിക്കുന്നതുമായ പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. 2015-16- ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ള പ്രസ്തുത വിഷയത്തിൽ 2017 ജൂൺ 20 ലെ കമ്മറ്റി തീരുമാനം (നം.10) പ്രകാരം ബൈലോ പാസ്സാക്കിയ വിവരം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. പരസ്യ നികുതി പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെള്ളക്കരം- കുടിശ്ശിക, ഫൈൻ ഇനങ്ങളിൽ ഭീമമായ ബാധ്യത നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല

പഞ്ചായത്തിൽ വാട്ടർ ചാർജ്ജിനത്തിൽ വൻ തുക കുടിശ്ശിക നിലനില്ക്കുന്നു. 2016–17 വർഷം കേരള വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം 7,29,756/- രൂപ അടവാക്കിയിട്ടുണ്ട്. എല്ലാ മാസങ്ങളിലെ ബില്ലുകളിലും മുൻബാക്കി രേഖപ്പെടുത്തി ടി തുകയ്ക്ക് 2% ഫൈൻ ചുമത്തുന്നു. അതു വഴി അടയ്ക്കാൻ ബാക്കി നില്ക്കുന്ന തുകയിൽ സാരമായ വർദ്ധനവ് ഉണ്ടാകുന്നതായി കാണുന്നു. ഇപ്രകാരം വാട്ടർ ചാർജ്ജിനത്തിൽ തുക ബാലൻസ് നില്ക്കുവാനും ടി തുകയുടെ ഫൈൻ ഉൾപ്പെടെ കുടിശിക തുക വർദ്ധിയ്ക്കുവാനും ഇടയാകുന്നു.വാട്ടർ അതോറിറ്റിയുടെ 3/17 ലെ ബിൽ പ്രകാരം(ബിൽ നം-13/1.03.17) പ്രകാരം 139 ടാപ്പുകൾക്കായി 24,83,734 കുടിശ്ശിക നിലനിൽക്കുന്നതായി കാണിച്ചിട്ടുണ്ട്. വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച സംയുക്ത പരിശോധന നടത്തിയത്തിന്റെ വിശദാംശങ്ങളും പഞ്ചായത്തിൽ ലഭ്യമല്ല.

ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണെന്ന് മുൻ റിപ്പോർട്ടിൽ പരാമർശിച്ചെങ്കിലും നാളിതു വരെ നടപടി സ്വീകരിച്ചിട്ടില്ല. GO(Rt) 1501/2006/LSGD/23.06.2006,GO(Rt)2242/2011/LSGD/28.09.2011 എന്നിവയുടെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണയിച്ച് വെള്ളക്കരം ക്രമീകരിക്കേണ്ടതുമാണ്. ഭരണസമിതി ഈ വിഷയം അടിയന്തിരമായി പരിഗണിക്കേണ്ടതും തനതുവരുമാനം കുറവായ പഞ്ചായത്തിന്റെ വരുമാനചോർച്ച ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 സംയുക്ത പ്രോജക്ടിനുള്ള തുക പൂർണ്ണമായി ചെലവഴിച്ചില്ല

2016-17 വർഷം സംയുക്ത പ്രോജക്ടുകൾക്ക് താഴെ പറയും പ്രകാരം തുക ലഭിച്ചിട്ടുണ്ട്.

| പ്രോജക്ട് | ലഭിച്ച തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|
| ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 50,000 | ബ്ലോക്ക് പഞ്ചായത്ത് വൈക്കം |
| പാലിയേറ്റീവ് കെയർ | 1,00,000 | ബ്ലോക്ക് പഞ്ചായത്ത് വൈക്കം |
| ജൈവപച്ചക്കറി | 1,00,000 | ബ്ലോക്ക് പഞ്ചായത്ത് വൈക്കം |

മേൽ തുകകൾ സംയുക്ത പ്രോജക്ടിനായി വൈക്കം സബ് ട്രഷറിയിൽ ആരംഭിച്ച 799011400001421 നമ്പർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്നു. പാലിയേറ്റീവ് കെയർ എന്ന പ്രോജക്ടിനായി ലഭിച്ച 1,00,000/- രൂപയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന 50,000/- രൂപ ടി അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.

ഇത് സർക്കാർ ഉത്തരവ് നം (പി) 7/2017/ ഫിൻ 27.01.2017 ന്റെ ലംഘനമാണ്. ടി ഉത്തരവ് ഖ.VI പ്രകാരം ഇംപ്ലിമെന്റിംഗ് ലോക്കൽ ബോഡി ടി അക്കൗണ്ടിലെ തുക ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുത്തേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ വാർഷികകണക്കിലും മേൽ തുകകൾ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-3 മരുന്ന് വാങ്ങാൻ ചെലവഴിച്ചത് 3,00,000 രൂപ-മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ(ആയുർവേദം)

പ്രോജക്ട് നമ്പർ- S0016/17,S00151/17.

അടങ്കൽ -3,00,000/-(2,00,000+1,00,000).

ചെലവ്-1,78,967/-(1,28,293+50,674).

മേൽ പ്രോജക്ടുകൾ പ്രകാരം 3,00,000/- രൂപ(ഡി.ഡി.നം.-280664/27/12/17,ബിൽനം-2/16-17/10.3.17) പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് ഔഷധിക്ക് നൽകിയിട്ടുണ്ട്. പ്രഫോമ ഇൻവോയിസ് (1764/31.1.17,2657/31.3.17,1560 /11.2.21017) എന്നിവ പ്രകാരം 1,78,967/-(69,514+58,779+50,674) രൂപയുടെ മരുന്നു മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിൽ(നം.3) ഔഷധ നിർമ്മണത്തിലും വിതരണത്തിലും ഔഷധി നടത്തുന്ന വീഴ്ചയാണ് ഇതിനു കാരണം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതിനാൽ ശേഷിക്കുന്ന 1,21,033/-(71,707+49,326) രൂപയുടെ മരുന്ന് ലഭ്യമാകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഔഷധിക്ക് നൽകിയ 1,21,033/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 യഥാസമയം പ്രവർത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും ഫൈൻ

ഈടാക്കിയില്ല

പ്രോജക്ട്- 30/16 വാക്കേത്തറ-ചെട്ടിക്കരി റോഡ്

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനിയർ

കരാറുകാരൻ-ശ്രീ.റിജോ മാത്യു

കരാർ-41/AE/LSGD/TZM/15-16/4.03.16

മേൽ പ്രവർത്തിക്ക് 4.3.16 ൽ കരാറിൽ ഏർപ്പെട്ടിരുന്നതാണ്. ടി തീയതിയിൽ തന്നെ സൈറ്റ് കൈമാറിയിട്ടുണ്ട് എന്നാൽ പ്രവർത്തി പൂർത്തിയാക്കിയത് 10.02.17 ലാണ്. യഥാസമയം പ്രവർത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല. പൂർത്തീകരണതീയതി കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറുകാരന് പൂർത്തീകരണകാലാവധി ദീർഘിപ്പിച്ചു നൽകിയതായി കാണുന്നില്ല. മരാമത്ത് ചട്ടങ്ങൾ പ്രകാരമുള്ള പിഴ ഈടാക്കാത്തതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണകാലാവധി ഉൾപ്പെടുത്താതെ കരാർ ചമച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ചട്ടങ്ങൾ പ്രകാരമുള്ള പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാനും നിർവ്വഹണ ഉദ്യോഗസ്ഥ നടപടി സ്വീകരിക്കേണ്ടതാണ്

## 3-5 നിക്ഷേപപ്രവൃത്തികൾ-വിനിയോഗവിവരം ലഭ്യമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

വാർഷികപദ്ധതിയുടെ ഭാഗമായി വിവിധ വാർഡുകളിൽ വൈദ്യുതലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾക്കായി ലഭ്യമാക്കിയ എസ്റ്റിമേറ്റനുസരിച്ചുള്ള തുക നിർവ്വഹണ ഏജൻസിയായ കെ.എസ്.ഇ.ബി. വൈക്കത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ടോയെന്നും നിർവ്വഹണപുരോഗതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. 2016-17 വർഷം വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി നിർവ്വഹണഎജൻസിക്ക് കൈമാറിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | കൈമാറിയ തുക | ബിൽ.നമ്പർ |
|---|---|---|
| SO 94/17<br>മാടപ്പള്ളി മംഗലം റോഡ് വൈദ്യുതീകരണം | 24,975 | 9210140/18.02.17 |
| SO 149/17<br>1,10,8,13 വാർഡുകളിൽ വൈദ്യുതിലൈൻ സ്ഥാപിക്കൽ, മാറ്റി സ്ഥാപിക്കൽ | 4,33,768/- | 785588/24.7.15 |
| ആകെ | 4,58,743/- | |

മേൽപ്രവർത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ലാത്ത പക്ഷം നിർവ്വഹണ ഏജൻസിയുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ചെലവുതുകയുടെ വിനിയോഗവിശദാംശങ്ങൾ ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 4,58,743 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 റോഡ് ടാറിങ്ങ് പ്രവൃത്തി-ബാരൽ വില തിരികെ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ളത് വി.ജി.30 ഗ്രേഡ് ബിറ്റുമിൻ ആണ്. DSR പ്രകാരമുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക സീൽഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ബാരൽ മടക്കി വാങ്ങുകയോ അല്ലെങ്കിൽ ആയതിന്റെ വില (238 +5% VAT) ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകുകയോ ചെയ്യേണ്ടതായിരുന്നു. പ്രോജക്ട് നം. 90/17 ആലത്തൂർ കണ്ടത്തുരുത്ത് റോഡ് റീ ടാറിങ്ങ് എന്ന പ്രവൃത്തിക്കായി 1833.25 കി.ഗ്രാം ബിറ്റുമിൻ ഉപയോഗിച്ചിരുന്നു. എന്നാൽ ബാരൽ വില ഈടാക്കിയിരുന്നില്ല. ബാരൽ വില ഈടാക്കത്തതിന്റെ സാഹചര്യം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു നല്കിയ അന്വേഷണക്കുറിപ്പിന്

(നം.8/26.7.17)മറുപടി ലഭ്യമാക്കിയില്ല അധികം നൽകിയ തുക 3,000/-രൂപ (12x250) കരാറുകാരനിൽ നിന്നോ ബിൽ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കി ബാരൽവില ചെലവ് നടത്തിയ ഫണ്ടിലേക്കും വാറ്റിനത്തിലുള്ള തുക ബന്ധപ്പെട്ട സ്ഥാപനത്തിലേക്കും അടവാക്കേണ്ടതാണ്.

## 3-7 റോഡ് ടാറിംഗ്- ബിറ്റുമിന് മാർക്കറ്റ് റേറ്റിൽ അധികരിച്ച് ഷെഡ്യൂൾ നിരക്ക് അനുവദിച്ചത് മൂലം ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികതുക നൽകി

പ്രോജക്ട് നം-S053/17

വിയറ്റ്നാം ചേന്തുരുത്ത് റോഡ് ടാറിങ്ങ്

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനിയർ

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മേൽ മരാമത്ത് പ്രവൃത്തി ഗുണഭോക്തൃ സമിതി മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്. 2014-ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് അടിസ്ഥാനമാക്കിയും കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെയുള്ള അനുവദനീയമായ വർദ്ധനവ് ചേർത്തുമാണ് വിവിധ ഇനങ്ങളുടെ എസ്റ്റിമേറ്റ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ടാറിംഗ് വേലകൾക്ക് ആവശ്യമായ ബിറ്റുമിന് മെട്രിക് ടൺ യൂണിറ്റിന് അനുവദിച്ചിട്ടുള്ള അടിസ്ഥാന നിരക്കും ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന വേലകൾക്ക് നൽകാവുന്ന നിരക്കും ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നൽകിയ നിരക്ക് | | ഗുണഭോക്തൃ സമിതി നിർവ്വഹിച്ച വേലകൾക്ക് നൽകാവുന്ന നിരക്ക് |
|---|---|---|
| ബിറ്റുമിൻ വില | 41000/T | 32000/T |
| കൺവേയൻസ് | 106/T | 106/T |
| ആകെ | 41106 | 32106 |
| വാട്ടർ ചാർജ്ജ് (1%) | 411 | 321 |
| ആകെ | 41517 | 32427 |
| കോസ്റ്റ് ഇൻഡക്സ് | 1.4095 | ഇല്ല |
| ആകെ | 58.50 | 32.427 |

ഗുണഭോക്തൃസമിതി ഹാജരാക്കിയ ബിൽ പ്രകാരം 1Kg ബിറ്റുമിന്റെ വില (ബാരൽ വില ഉൾപ്പടെ) 32.46 രൂപയാണ്. എന്നാൽ DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതും ബിൽ തുക നൽകിയതും ബിറ്റുമിന് വില കി.ഗ്രാമിന് 41/- രൂപ (41000/tonne) നിരക്കിലാണ്. ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പ്രകാരം പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണോ കുറവ് അതാണ് ഗുണഭോക്തൃസമിതിയ്ക്ക് നൽകേണ്ടത്. മേൽ പ്രവൃത്തിക്ക് 916.92 കി.ഗ്രാം. ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പരിഗണിക്കാഞ്ഞതിനാൽ 23,907/- രൂപ അധികം ചെലവഴിക്കാനിടയായി. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.9/26.7.17) മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്ട് നടപ്പാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 പാലിയേറ്റീവ് കെയറിനായി മരുന്ന്, ഉപകരണങ്ങൾ വാങ്ങൽ- തുക തടസ്സപ്പെട്ടുത്തുന്നു

പ്രോജക്ട് നം: S0017/17

ആകെ അടങ്കൽ- 50,000/-

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹിച്ച പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ പ്രവർത്തനത്തിനായി മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി KMSCL എന്ന സ്ഥാപനത്തിന് 31.03.2017 – ൽ ചെക്ക് നം.2889023 dt 31.03.2017, 2889022 dt 31.03.2017 എന്നിവ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 50,000/- രൂപയിൽ യഥാക്രമം 34,343/- രൂപ മരുന്നിനും 15,657/- രൂപ ഉപകരണങ്ങളും വാങ്ങുന്നതിനായി നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയതി (28.07.2017)

വരെ മരുന്നും ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ KMSCL എന്ന സ്ഥാപനത്തിന് നൽകിയ 50,000/- രൂപ തടസ്സപ്പെടുത്തുന്നു. എത്രയും വേഗം മരുന്നും ഉപകരണങ്ങളും ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും എത്തുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 3-9 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പപദ്ധതി

തൊഴിലുറപ്പുമായി ബന്ധപ്പെട്ട് 2016-17 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2016-17 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 241 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 84 പ്രോജക്ടുകളിൽ 66 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2016-17 വർഷം 110844 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 3159 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ഭൂവികസന പ്രവൃത്തികൾ, IAY, പട്ടികജാതി പട്ടികവർഗ്ഗ ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ നിന്നുള്ള വീടുകളുടെ അവിദഗ്ധ തൊഴിൽ ഘടകം, മഴക്കുഴിനിർമ്മാണം, തോടുകളുടെയും, കുളങ്ങളുടേയും പുനരുദ്ധാരണം നിർമ്മാണം, പാടശേഖരങ്ങൾക്ക് വാച്ചാൽ നിർമ്മാണം, തുടങ്ങിയ പ്രോജക്ടുകളാണ് തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയത്. സൃഷ്ടിക്കപ്പെട്ട ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തിയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സി.ഡി.പി.ഒ., വൈക്കം | 29.3.17 | 50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50,000 | 0 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 25.3.17 | 1,00,000 | പാലിയേറ്റീവ് കെയർ | 50,000 | 50,000 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 25.3.17 | 1,00,000 | ജൈവ പച്ചക്കറി | 1,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | നല്കിയ തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 4,33,768 | 149/17, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 0 | 4,33,768 |
| കെ.എസ്.ഇ.ബി | 24,975 | 94/17, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 0 | 24,975 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |

| | | | | | |
|---|---|---|---|---|---|
| ഇ.എം.എസ്.ഭവനപദ്ധതി<br>ജി.ഒ.(എം.എസ്.) 823/2010<br>എൽ.എസ്.ജി.ഡി. തീ.11.03.10 | 1,02,90,263 | 29,75,763 | 8,40,277 | -- | 21,35,486 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം.& തീയതി |
|---|---|---|---|---|
| 2015-16 | 3-11 | 32,756/- | ജോഷി എൻ.എസ്. (കോൺട്രാക്ടർ) | 11602103759 dt. 06.03.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,46,79,856 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,45,93,262 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,29,776 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 4,58,743 | ശ്രീ.റ്റി.ജെ.രാജു, സെക്രട്ടറി |
| 3-3 | 1,21,033 | ഡോ.സുനിൽ എ.വി., മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-8 | 50,000 | ഡോ.സുഷാന്ത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 6,29,776 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി6/572/15/10.02.16 | 2 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി6/572/15/10.02.16 | 4 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി6/1625/15/12.05.16 | 6 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി6/1629/15/12.05.16 | 6 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി6/1630/15/12.05.16 | 13 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി6/1628/15/12.05.16 | 4 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി6/1627/15/12.05.16 | 17 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി6/1624/15/12.05.16 | 8 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി6/265/16/12.05.16 | 4 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി6/1626/15/12.05.16 | 9 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി6/768/15/12.01.16 | 10 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/723/16/27.6.16 | -- |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/1961/16/10.1.17 | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.ടി.എം.പി6/1268/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി:16.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം